## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1626 10/03/2020 ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

ചോദ്യം
ശ്രീ. കെ. ജെ. മാക്സി

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ അടിയന്തര തീർപ്പുണ്ടാക്കാനും അപേക്ഷകർക്ക് യഥാസമയം തീർപ്പ് ലഭ്യമാക്കാനുമായി ഈ സർക്കാർ അദാലത്തുകൾ ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; ആയതു വഴി എത്ര ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വകുപ്പുമേധാവികളുടെ ഓഫീസുകളിലും 2019 ആഗസ്റ്റ് 1 മുതൽ ഒക്ടോബർ 31 വരെ 'ഫയൽ തീർപ്പാക്കൽ തീവ്രയത്നപരിപാടി ' നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി അദാലത്തുകളും അവലോകനയോഗങ്ങളും നടത്തി സെക്രട്ടേറിയറ്റിൽ 97,929 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. 2019 ജൂലായ് 31 വരെ തീർപ്പാക്കാനുണ്ടായിരുന്ന ഫയലുകളുടെ 48.5 ശതമാനം ഫയലുകളും ഫയൽ തീർപ്പാക്കൽ തീവ്രയത്നത്തിലൂടെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ കണ്ടെത്തി യഥാസമയം അവ തീർപ്പാക്കാനും അവകാശ നിഷേധമുണ്ടെങ്കിൽ അപേക്ഷകന് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കാനും വേണ്ടി സെക്രട്ടേറിയറ്റിൽ ഓരോ മൂന്നു മാസത്തിലും ഫയലുകളിന്മേലുള്ള (കാലതാമസമുള്ളവയിന്മേൽ) അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാന മെടുക്കുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിനചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശ ങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇനിയും തീർപ്പാക്കാൻ ശേഷിക്കുന്ന കാലപ്പഴക്കമുള്ള ഫയലുകളുടെ കണക്കെടുപ്പ് നടത്തി അദാലത്തുൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ